# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1956 | 17.12.2012-ൽ മറുപടിയ്ക്ക്

## പാട്ടക്കരാറടിസ്ഥാനത്തിൽ വനേതരാവശ്യങ്ങൾക്ക് നൽകിയിട്ടുള്ള വനഭൂമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) വനം വകുപ്പ് പാട്ടക്കരാറടിസ്ഥാനത്തിൽ നൽകിയിട്ടുള്ള എസ്റ്റേറ്റുകളുടെ പാട്ടക്കാലാവധി വ്യക്തമാക്കുമോ ; | (എ) എസ്റ്റേറ്റുകളുടെ പാട്ടക്കാലാവധി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) പാട്ടക്കരാർ റദ്ദാക്കി സർക്കാരിലേക്ക് ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ള എസ്റ്റേറ്റുകൾ എത്ര ഹെക്ടർ ആണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ബി) വിവിധ ജില്ലകളിലായി താഴെപ്പറയുന്ന എസ്റ്റേറ്റുകളുടെ പാട്ടക്കരാർ റദ്ദാക്കിയിട്ടുണ്ട്. എന്നാൽ കോടതി സ്റ്റേ ഉള്ളതിനാൽ ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ല. |

| | | |
|---|---|---|
| മോങ്ക്‌വുഡ് | 232.82 ഏക്കർ | പാലക്കാട് ജില്ല |
| രാജാക്കാട് | 288.86 ഏക്കർ | പാലക്കാട് ജില്ല |
| ചെറുനെല്ലി (ലോവർ) | 278.08 ഏക്കർ | പാലക്കാട് ജില്ല |
| മെ. ഹാരിസൺ മലയാളം ലിമിറ്റഡ് | 4896.65 ഏക്കർ | തൃശൂർ ജില്ല |

പാട്ടം റദ്ദാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തുടരുന്ന തോട്ടങ്ങൾ താഴെപ്പറയുന്നവയാണ്.

| | | |
|---|---|---|
| കാരപ്പാറ (എ) | 541.37 ഏക്കർ | പാലക്കാട് ജില്ല |
| കാരപ്പാറ (ബി) കൈരളി | 577.12 ഏക്കർ | പാലക്കാട് ജില്ല |
| അലക്സാൻഡ്രിയ എ (8) | 250.00 ഏക്കർ | പാലക്കാട് ജില്ല |
| അലക്സാൻഡ്രിയ ബി (6) | 251.75 ഏക്കർ | പാലക്കാട് ജില്ല |
| ബ്രൂക്ക് ലാന്റ് | 250.00 ഏക്കർ | പാലക്കാട് ജില്ല |
| ബിയാട്രീസ് | 33.68 ഏക്കർ | പാലക്കാട് ജില്ല |
| ചന്ദ്രാമല (5) | 808.41 ഏക്കർ | പാലക്കാട് ജില്ല |
| പെരുമ്പാറ എസ്റ്റേറ്റ് | 35.1841 ഹെക്ടർ | തൃശൂർ ജില്ല |

.............2)

| | | | |
|---|---|---|---|
| (സി) | സാമൂഹിക വനവത്ക്കരണ പ്രക്രിയയിലൂടെ നാളിതുവരെ എത്ര ഹെക്ടർ വനഭൂമി കൂട്ടി ചേർക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | (സി) | സാമൂഹിക വനവൽക്കരണ വിഭാഗം വനേതര ഭൂമിയിൽ വനവൽക്കരണം നടത്തുന്നതിനാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതിനാൽ സാമൂഹിക വനവൽക്കരണം വഴി വനഭൂമി കൂട്ടിച്ചേർക്കപ്പെടുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്